> ⇨ കൊക്കക്കോള ഉണ്ടാക്കാൻ വേണ്ടി എന്നു പറഞ്ഞുതന്നെയാണ് കമ്പനി വന്നത് ⇨

# പ്ലാച്ചിമടയിൽ നിന്നും നമ്മൾ ഒന്നും പഠിച്ചില്ല

"പ്ലാച്ചിമടയിൽ നിയമസംവിധാനങ്ങൾ തകിടം മറിഞ്ഞുപോയി. ഇപ്പോഴും വ്യവസായവത്കരണത്തിന്റെ പേരിൽ പ്രാഥമികമായ തകിടം മറിച്ചലുകൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മൾ ഒന്നും പഠിച്ചില്ല. പ്ലാച്ചിമടയിൽ നിന്ന് പഠിക്കാൻ നമ്മൾ ഉദ്ദേശിച്ചിട്ടുമില്ല. നമുക്ക് കെട്ടുകാഴ്ചകളോടാണ് താത്പര്യം."

പ്ലാച്ചിമട ഉന്നതാധികാര സമിതി ചെയർമാനും ഐ.എ.എസ് ഉദ്യോഗസ്ഥനും മലയാളം സർവ്വകലാശാല മുൻ വൈസ് ചാൻസ്‌ലറുമായ കെ. ജയകുമാർ പ്ലാച്ചിമട അനുഭവങ്ങൾ ആദ്യമായി പങ്കുവയ്ക്കുന്നു.

**കെ. ജയകുമാർ / നീതുദാസ്**

**പ്ലാച്ചിമട സമരത്തിന്റെ ചരിത്രത്തിലെ വളരെ നിർണ്ണായകമായ സംഭവമായിരുന്നു താങ്കൾ ചെയർമാനായ ഉന്നതാധികാര സമിതിയുടെ നിയമനവും നിങ്ങൾ സമർപ്പിച്ച റിപ്പോർട്ടും. പ്ലാച്ചിമടക്കാർക്കുണ്ടായ നാശങ്ങൾക്ക് കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം എന്ന് ഉറപ്പിച്ചു പറഞ്ഞ ഒരു സർക്കാർ വിദഗ്ധ സമിതിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പ്ലാച്ചിമട പ്രശ്നത്തെ താങ്കൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

കോർപ്പറേറ്റുകളുടെ പ്രവർത്തനം അവരുടെ ലാഭത്തിനെ മാത്രം ഉദ്ദേശിച്ചാണ്. പക്ഷേ, ഒരു നിയമ സംവിധാനത്തിൽ ഇതിനെ നേരിടാനുള്ള ഉപാധികളുണ്ട്. പ്ലാച്ചിമടയിൽ പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് അനുമതി കൊടുത്ത ആ ദിവസം തന്നെ ഈ സമരത്തിന്റെ വിത്ത് അവിടെ വീണുകഴിഞ്ഞു എന്നാണ് ഞാൻ വിചാരിക്കുന്നത്. ശീതളപാനീയ നിർമ്മാണ പ്ലാന്റിന്റെ അസംസ്കൃത വസ്തു വെള്ളമാണ്. ഒരു ലിറ്റർ കൊക്കോകോള ഉണ്ടാക്കാൻ അതിലധികം വെള്ളം സംസ്കരിച്ചെടുക്കുകയും അതിൽ നമുക്ക് അറിവില്ലാത്ത രാസപ്രക്രിയകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഖരമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന പ്രക്രിയ മനസ്സിലാക്കാതെ, ഖരമാലിന്യം എവിടെ കൊണ്ടിടും എന്നതിനെപ്പറ്റി ചിന്തിക്കാതെ, ആവശ്യമായിവരുന്ന വെള്ളം ഭൂമിശാസ്ത്രപരമായി ഉള്ള പ്രദേശമാണോ ഇതെന്ന് ചിന്തിക്കാതെ, ഒരു വ്യവസായം വരുന്നുവെന്നതിന്റെ ഉന്മാദം സൃഷ്ടിച്ച് കൊക്കക്കോളയെ ആഘോഷപൂർവ്വം വിളിച്ചുകൊണ്ടുവരുന്നു. കൊക്കക്കോള കമ്പനിയുടെ ജോലി ശീതളപാനീയം ഉണ്ടാക്കി ലാഭമുണ്ടാക്കുക എന്നതാണ്. നമ്മുടെ മൂല്യബോധത്തിന് നിന്ന് 'കോള എന്ന ഭീകരൻ' എന്നൊക്കെ പറയുന്നത് മലയാളിയുടെ ശീലമാണ്. കൊക്കക്കോള ഉണ്ടാക്കാൻ വേണ്ടി എന്നു പറഞ്ഞുതന്നെയാണ് കമ്പനി വന്നത്, അല്ലാതെ ഒന്ന് പറഞ്ഞ് മറ്റൊന്ന് ചെയ്തിട്ടില്ല. പക്ഷേ, ചെയ്യുന്ന പ്രക്രിയയുടെ വരുംവരായ്കകൾ മനസ്സിലാക്കാതെ, വെള്ളത്തിന് ദൗർലഭ്യമുള്ള പ്ലാച്ചിമടയിൽ ഭൂഗർഭജലം വലിച്ചെടുത്ത് പ്രവർത്തിക്കാൻ പോകുന്ന ഫാക്ടറിക്ക് അനുവാദം കൊടുത്തതാണ് തെറ്റ്. അവിടെ നിയമസംവിധാനങ്ങൾ തകിടം മറിഞ്ഞുപോയി. ഇപ്പോഴും വ്യവസായവത്കരണത്തിന്റെ പേരിൽ പ്രാഥമികമായ തകിടം മറിച്ചലുകൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മൾ ഒന്നും പഠിച്ചില്ല. പ്ലാച്ചിമടയിൽ നിന്ന് പഠിക്കാൻ നമ്മൾ ഉദ്ദേശിച്ചിട്ടുമില്ല. ന

മുക്ക് കെട്ടുകാഴ്ചകളോടാണ് താത്പര്യം. കമ്പനിയുടെ പ്രവർത്തനം അറിഞ്ഞുകൊണ്ട് നാമതിനെ ഇവിടേക്ക് എന്തിന് കൊണ്ടുവന്നു? വെള്ളത്തിന് ദൗർലഭ്യമുള്ള ഒരു സ്ഥലത്ത് ഇത്രയും വെള്ളം ആവശ്യമായിട്ടുള്ള, ഇത്രയും ഖരമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന ഒരു വ്യവസായത്തിന് അറിഞ്ഞോ അറിയാതെയോ പഞ്ചായത്തും, വ്യവസായ വകുപ്പും, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്‌സ് വകുപ്പും, മലിനീകരണ നിയന്ത്രണ ബോർഡും എന്തിനാണ് അനുമതി കൊടുത്തത്? മലിനീകരണത്തിന്റെ കാര്യത്തിൽ ഒരു തടസ്സവാദവുമില്ലാതെയാണ് അനുമതി നൽകിയത്. പ്ലാന്റ് കാരണമുണ്ടാകുന്ന മലിനീകരണത്തെക്കുറിച്ച് എന്ത് പഠിച്ചിട്ടാണ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചത്? ഭൂഗർഭജലം വലിച്ചെടുക്കുന്ന കാര്യത്തിലും എൻ.ഒ.സി അനുവദിച്ചു. ഞങ്ങൾ ഇത്രമാത്രമേ വലിച്ചെടുക്കാൻ അനുമതി കൊടുത്തുള്ളൂ എന്ന് പറഞ്ഞിട്ട് കാര്യമില്ല. കമ്പനിയുടെ പ്രൊജക്റ്റ് റിപ്പോർട്ടിൽ പറയുന്നത് ദശലക്ഷക്കണക്കിന് ലിറ്റർ വെള്ളം ആവശ്യമാണെന്നാണ്. എത്ര ശേഷിയുള്ള യന്ത്രങ്ങൾക്കാണ് ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്‌സ് അനുമതി കൊടുത്തത്? ഇക്കാര്യങ്ങൾ പരസ്പരം മിണ്ടാതെ ഓരോ വകുപ്പും എൻ.ഒ.സി അനുവദിച്ചത് നമ്മുടെ ഭരണസംവിധാനത്തിന്റെ മൗഢ്യമാണ് കാണിക്കുന്നത്. അങ്ങനെ നോക്കിയാൽ നമ്മളാണ് പ്ലാച്ചിമടയിൽ പ്രശ്നം ഉണ്ടാക്കിയത്.

**ഉന്നതാധികാര സമിതിയിലേക്ക് വരുന്നതിന് മുമ്പുതന്നെ, വിവിധ വകുപ്പുകളുടെ സെക്രട്ടറിയായി പ്രവർത്തിച്ചയാൾ എന്ന നിലയിൽ താങ്കൾ പ്ലാച്ചിമടയിലെ വിഷയങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നോ? എന്തായിരുന്നു താങ്കളുടെ നിലപാട്?**

പ്ലാന്റിന് ലാഭകരമായി പ്രവർത്തിക്കാൻ ആവശ്യമായ വെള്ളം തുടർച്ചയായി എടുക്കാൻ തുടങ്ങിയതോടെയാണ് പ്ലാച്ചിമടയിൽ കുഴപ്പങ്ങൾ ആരംഭിക്കുന്നത്. ഞാൻ അന്ന് ജലവിഭവ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സെക്രട്ടറി ആയിരുന്നു. ഭൂഗർഭജലം, ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതായതിനാൽ പ്ലാച്ചിമടയിലെ സമരത്തെക്കുറിച്ചും കൊക്കക്കോള പൂട്ടിപ്പോയതിനെക്കുറിച്ചും അറിയുന്നുണ്ടായിരുന്നു. പ്ലാച്ചിമടയിൽ നേരിട്ട് പോയപ്പോൾ വിഷയത്തിൽ ആർക്കും കൃത്യമായ ധാരണ ഇല്ലെന്ന് മനസ്സിലായി. കൊക്കക്കോളക്കെതിരെ സമരം ചെയ്തതുകൊണ്ട് 10 പൈസ കിട്ടാൻ പോകുന്നില്ല. അവർ ആഗോളഭീമന്മാരാണ്, നഷ്ടപരിഹാരം തരില്ല. വൈകാരിക പ്രകടനങ്ങളല്ലാതെ നഷ്ടങ്ങളും അതിന്റെ തോതും കണക്കാക്കുന്ന തരത്തിൽ വിശദമായ പഠനം നടന്നിട്ടില്ല. കൃഷിവകുപ്പും ജലവിഭവ വകുപ്പും ഒരുമിച്ചു കൈകാര്യം ചെയ്യുന്ന സെക്രട്ടറി എന്ന നിലക്ക് ഇക്കാര്യം ഞാൻ മന്ത്രി എൻ.കെ. പ്രേമചന്ദ്രനെ അറിയിച്ചു. ആരോഗ്യം, വെള്ളം, കൃഷി, ഭൂമിശാസ്ത്രം, എന്നീ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് 8 മുതൽ 10 വരെ അംഗങ്ങളുള്ള ഒരു സമിതിയെ ഞാൻ നിർദ്ദേശിക്കുകയും ചെയ്തു. സമിതിയുടെ അധ്യക്ഷൻ എന്ന നിലയിൽ അതിന് ശേഷം മൂന്ന് തവണ പ്ലാച്ചിമടയിൽ പോവുകയും പബ്ലിക് ഹിയറിങ്ങുകൾ നടത്തുകയും ചെയ്തു. കമ്പനിയിൽ നിന്ന് പണം വാങ്ങി വന്നിരിക്കുകയാണെന്ന ആക്ഷേപങ്ങളും ഹിയറിംഗിനിടെ ഉണ്ടായിരുന്നു. മൂന്നുതവണ വീണ്ടും അവിടെ പോയിരുന്നു. കിണറുകളും കൃഷിയിടങ്ങളും നേരിട്ട് കണ്ടു, ആളുകളെയും അവരുടെ കൈകളിൽ ബാധിച്ച രോഗവും കണ്ടു, അവരുടെ ദൈന്യത കണ്ടു. പ്രദേശത്തെ ആരോഗ്യം, തൊഴിൽ, വിദ്യാഭ്യാസം, കൃഷി, കന്നുകാലികൾ, കുടിവെള്ളം എന്നിങ്ങനെ ബഹുമുഖമായ മേഖലകളിൽ സംഭവിച്ചിട്ടുള്ള നഷ്ടങ്ങൾ കണക്കാക്കിയതിന് ശേഷം 216.26 കോടി രൂപയെങ്കിലും കമ്പനിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് റിപ്പോർട്ട് നൽകി. കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് ഭരണഘടന പ്രകാരം ട്രിബ്യൂണൽ രൂപീകരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാറിന് ഉണ്ട്. ആ അവകാശം ഉപയോഗപ്പെടുത്തി ട്രിബ്യൂണൽ രൂപീകരിക്കണം. കമ്പനി അധികൃതരെ വിളിച്ചുവരുത്തണം, വന്നില്ലെങ്കിൽ ഏകപക്ഷീയമായി വിധി പുറപ്പെടുവിക്കണം. ഓരോരുത്തരുടെയും പരാതിയിൽ നഷ്ടം കണക്കാക്കുന്നത് ഹൈക്കോടതി ജഡ്ജി ഉൾപ്പടെ മൂന്ന് പേർ അടങ്ങുന്ന ട്രിബ്യൂണൽ ആയിരിക്കും. വിധി അനുസരിച്ചുള്ള പണം അവർ തന്നില്ലെങ്കിൽ അതിനെതിരെ നിയമനടപടി സ്വീകരിച്ച് കമ്പനിയെ കുറ്റക്കാരായി പ്രഖ്യാപിച്ച് നഷ്ടപരിഹാരം വാങ്ങിച്ചുകൊടുക്കണം. ഇത് അത്ര എളുപ്പമല്ല എന്ന് ഞങ്ങൾക്കുമറിയാം. കൊക്കക്കോള ഇതിനെ ഏതുവിധേനയും പ്രതിരോധിക്കും. കാരണം ഇവിടെ ഇത് ചെയ്താൻ ലോകം മുഴുവനും ഉള്ള ഫാക്ടറികളിൽ ഇത് സംഭവിക്കും.

**ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ ഒരു ബില്ല് അവതരിപ്പിക്കുകയും വരെയുണ്ടായല്ലോ? കൊക്കക്കോള പോലെയുള്ള ഒരു കമ്പനിക്കെതിരെ ഇത്തരം നീക്കങ്ങൾ**

➪ *ബില്ലിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ സംസ്ഥാന സർക്കാറിന്റെ പരിധിയിൽ വരുന്നവയാണ്* ➪



വര: കന്നി. എം

**സർക്കാർ തലത്തിൽ നടക്കുമ്പോൾ അതിൽ പങ്കാളിയായ ഒരാൾ എന്ന നിലയിൽ താങ്കൾക്കുമേൽ എന്തെങ്കിലും സമ്മർദ്ദമുണ്ടായിട്ടുണ്ടോ?**

ബില്ല് നിയമസഭയിൽ വരുന്നതിന് മുമ്പ് എനിക്ക് പല തരത്തിലുള്ള സമ്മർദ്ദങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. കേരളത്തിലെ വ്യാവസായിക അന്തരീക്ഷം മോശമാകുമെന്നും, നിക്ഷേപ സൗഹൃദ അന്തരീക്ഷം തകരുമെന്നും കൊക്കക്കോളക്കെതിരെ റിപ്പോർട്ട് എഴുതാൻ പാടില്ലെന്നും ആവശ്യങ്ങൾ ഉണ്ടായിരുന്നു. ഔദ്യോഗിക തലത്തിൽ നിന്നും ചില സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നെങ്കിലും ഞാൻ അത് കണക്കിലെടുത്തില്ല. എന്റെ മനസ്സാക്ഷിക്ക് തോന്നുന്നത് ഞാൻ എഴുതി. മരിച്ചു പോയ ഡോ. സോമൻ അടക്കം ഉറച്ച ബോധ്യത്തോടെ ഇടപെടുന്നവർ മാത്രമേ എന്റെ കൂടെ ഉണ്ടായിരുന്നുള്ളൂ. സമിതിയിൽ ആരുടെയെങ്കിലും ശിങ്കിടികൾ കടന്നുകൂടാൻ ഞങ്ങൾ അനുവദിച്ചിരുന്നില്ല.

**നിയമസഭ ഏകകണ്ഠമായി പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് ഇന്നത്തെ സ്ഥിതിയുണ്ടാകുമെന്ന് താങ്കൾക്ക് അന്ന് സൂചനകളുണ്ടായിരുന്നോ?**

നിയമസഭ ഏകകണ്ഠേന ബില്ല് പാസാക്കിയെങ്കിലും നളന്റെ കഥയിൽ പറയുന്നതുപോലെ ഒരു കലിബാധ ഉണ്ടായി. ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം വേണമെന്ന് പറഞ്ഞപ്പോൾ എല്ലാവരും അത് അംഗീകരിച്ചുകൊടുത്തു. ആ കുഴിയിൽ കൂടിയാണ് സമരം താഴോട്ട് പോയത്. നാല് വർഷം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ കിടന്ന ബില്ല് തിരിച്ചയച്ചിരിക്കുന്നത് ദേശീയ ഹരിത ട്രിബ്യൂണലിന്റെ പേരിലാണ്. ഇതൊരു അവഹേളനമായി കണ്ടുകൊണ്ട് കേരള സർക്കാർ നിയമസഭയിൽ ഇതു വീണ്ടും അവതരിപ്പിക്കണം എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. നിയമസഭക്ക് അതിനുള്ള അധികാരമുണ്ട്. കേന്ദ്ര സർക്കാറിന്റെ അനുമതിയുടെ ആവശ്യമില്ല. ബില്ലിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ സംസ്ഥാന സർക്കാറിന്റെ പരിധിയിൽ വരുന്നവയാണ്. പരിസ്ഥിതി എന്ന വാക്കാണ് പ്രശ്നമെങ്കിൽ അത് മാറ്റാവുന്നതേയുള്ളൂ. നിയമത്തിൽ മാറ്റം വരുത്തി സംസ്ഥാന സർക്കാറിന് ട്രിബ്യൂണൽ രൂപീകരിക്കാവുന്നതാണ്. പ്ലാച്ചിമടയിൽ പ്രശ്നബാധിതരായവരുടെ ജീവിതം ഇങ്ങനെ പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് രാഷ്ട്രപതിയുടെ ഒപ്പ് കിട്ടിയോ ഇല്ലയോ എന്നു നോക്കിയിരുന്ന് നമ്മൾ അവരെ അവഹേളിക്കുന്നത്. ഇത് മനുഷ്യാവകാശ ലംഘനമാണ്. ഇനി സംസ്ഥാന സർക്കാർ അടയന്തിരമായി നിയമനിർമ്മാണം നടത്തി ട്രിബ്യൂണൽ രൂപീകരിച്ചാൽ പോലും കമ്പനി അധികൃതർ പിടിതരില്ല. ഉന്നതാധികാര സമിതി ചെയ്തതെല്ലാം തെറ്റാണെന്ന് പറഞ്ഞ് കൊക്കോകോള എനിക്ക് പണ്ടൊരു എഴുത്ത് എഴുതിയിരുന്നു. കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി ഒരു സമിതി ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാറിന് കമ്പനിയുടെ അനുവാദം ആവശ്യമില്ലെന്നാണ് ഞാൻ അന്ന് പറഞ്ഞത്. അവരുടെ ഭാഗം കേൾക്കാൻ ദിവസം നൽകിയിരുന്നെങ്കിലും കമ്പനി അധികൃതർ വന്നില്ല. എനിക്ക് നിങ്ങളുമായി കൂടിയാലോചന നടത്തേണ്ട ആവശ്യമില്ലെന്നും നിങ്ങളുടെ ഭാഗം കേൾക്കാൻ സമയം അനുവദിക്കാം എന്നുമായിരുന്നു ഞാൻ കമ്പനിയെ അറിയിച്ചത്. നിങ്ങൾക്ക് എതിരെയുള്ള കണ്ടെത്തലുകളെ പ്രതിരോധിക്കാനുണ്ടെങ്കിൽ അതും ആകാമെന്നും ഞാൻ അവരെ അറിയിച്ചു. എന്നാൽ സമിതിയെ നിരാകരിക്കുകയാണ് കമ്പനി ചെയ്തത്. അങ്ങനെ

ചെയ്യാൻ ഞാനും പറഞ്ഞു. യഥാർത്ഥത്തിൽ ട്രിബ്യൂണൽ വരാനുള്ള തടസ്സങ്ങൾ കമ്പനിയുടെ നിരാകരണത്തെ സാധൂകരിക്കുന്നതിന് തുല്യമായിപ്പോയി. ഞങ്ങൾ നിങ്ങളുടെ സമിതിയെയോ, അതിന്റെ റിപ്പോർട്ടിനെയോ, ട്രിബ്യൂണലിനെയോ അംഗീകരിക്കുന്നില്ല എന്ന കമ്പനിയുടെ നിലപാടിനെ നമ്മൾ അഞ്ച് വർഷം സമയമെടുത്ത് സാധൂകരിച്ചു കൊടുത്തു. കോർപ്പറേറ്റ് ധാർഷ്ഠ്യത്തിന് ഇങ്ങനെ കീഴടങ്ങിക്കൊടുക്കാമോ? ട്രിബ്യൂണൽ സ്ഥാപിക്കപ്പെട്ടാലും അവർ വരില്ല. ഏകപക്ഷീയമായേ വിധിക്കാൻ പറ്റുള്ളൂ. എന്നാലും സർക്കാർ ഉണ്ടാകുമല്ലോ നമ്മുടെ കൂടെ. സമരക്കാർ മുഖ്യമന്ത്രിയുമായി നടത്തിയ യോഗത്തിൽ പ്രതീക്ഷയുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്ത് സഹായവും ചെയ്യാൻ തയ്യാറാണെന്ന് ഞാൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുവാദം ആവശ്യമില്ലാത്ത തരത്തിൽ സംസ്ഥാന സർക്കാർ ബില്ല് പുനരവതരിപ്പിക്കണം. എന്തിനാണ് സമയം കളയുന്നത്? നിയമം മാറ്റി എഴുതാൻ ഒരു ദിവസം പോരേ. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യാത്തതിലാണ് എനിക്ക് സർക്കാർ സംവിധാനങ്ങളോടുള്ള എതിർപ്പ്.

**ഉന്നതാധികാര സമിതി രൂപീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇറക്കിയ ഉത്തരവിൽ പറയുന്നത് പ്ലാച്ചിമടയിൽ ഉണ്ടായ നഷ്ടത്തിന്റെ തോതും വ്യാപ്തിയും നിർണ്ണയിക്കാൻ വേണ്ടി സമിതിയെ രൂപീകരിക്കുന്നു എന്നതാണല്ലോ? നഷ്ടമുണ്ടായിട്ടുണ്ട് എന്നത് സർക്കാർ പൊതുവിൽ അംഗീകരിച്ചിരുന്നോ? സർക്കാർ നൽകിയ ടേംസ് ഓഫ് റഫറൻസിനെ സമിതി എങ്ങനെയാണ് വിലയിരുത്തിയത്?**

നഷ്ടമുണ്ടായിട്ടുണ്ട് എന്ന് മുൻധാരണ (പ്രിസംപ്ഷൻ) ഉണ്ടെങ്കിൽ മാത്രമല്ലേ കമ്മിറ്റി ഉണ്ടാക്കാൻ പറ്റുകയുള്ളൂ. ടേംസ് ഓഫ് റഫറൻസ് എഴുതി നൽകിയതും ഞാൻ തന്നെയാണ്. ആ ഘട്ടത്തിൽ യാതൊരു ബാഹ്യ ഇടപെടലും ഉണ്ടായിട്ടില്ല. കമ്മിറ്റി രൂപീകരിക്കുന്ന ഘട്ടത്തിലും ടേംസ് ഓഫ് റഫറൻസിന്റെ കാര്യത്തിലും റിപ്പോർട്ട് കൊടുക്കുന്ന ഘട്ടത്തിലും സ്വാധീനിക്കാൻ ചില ശ്രമങ്ങൾ ഉണ്ടായിരുന്നുവെങ്കിലും സമിതിയുടെ തീരുമാനം സ്വാധീനിക്കപ്പെട്ടിരുന്നില്ല. നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന ധാരണയോടു കൂടിയാണ് സമിതി പ്രവർത്തിച്ചത്. ആളുകൾ ഒരു പ്രശ്നമുണ്ടായിട്ടാണ് സമരം ചെയ്യുന്നത്. അതിന് നേരെ കണ്ണടച്ചിട്ട് കാര്യമില്ല. പ്രഥമദൃഷ്ട്യാ ഒരു പ്രശ്നമുണ്ടെന്ന ധാരണയിൽ അത് അംഗീകരിച്ചുകൊണ്ടാണ് സമിതി പ്രവർത്തിച്ചത് എന്നതാണ് അതിന്റെ ചരിത്രപരമായ സാംഗത്യം. ആ പ്രശ്നത്തിന്റെ തോത് കണക്കാക്കിയിട്ടില്ല എന്ന് മാത്രമേയുള്ളൂ. തോത് കണക്കാക്കിയാൽ മാത്രമേ അടുത്ത ഘട്ടത്തിലേക്ക് പോകാൻ കഴിയൂ. ആരോഗ്യം തിരിച്ചുകൊടുക്കാൻ പറ്റില്ല, അതിന് നഷ്ടപരിഹാരം വാങ്ങിച്ചുകൊടുക്കാനേ കഴിയുള്ളൂ. നഷ്ടം ഉണ്ടായിട്ടുണ്ട് എന്നത് അംഗീകരിക്കുന്നു എന്നതാണ് ആ സമിതിയുടെ ഏറ്റവും വലിയ സംഭാവന. സർക്കാർ അറിഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സമിതി അങ്ങനെയൊരു മുൻധാരണയുടെ പുറത്താണ് പ്രവർത്തിച്ചത്. അത് നല്ലതാണ്. അങ്ങനെ ഒരു മുൻധാരണയിലൂടെ സർക്കാരിന്റെ മുകളിൽ ബാധ്യത കൊണ്ടുവരാൻ കഴിയും. നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് അംഗീകരിക്കുകയാണെങ്കിൽ പരിഹാരമായി എന്താണ് ചെയ്തത് എന്ന ചോദ്യം വരും. മനുഷ്യാവകാശത്തിന്റെ മാനം കൂടി വിഷയത്തിന് കൈവരികയാണ്. കമ്മിറ്റിയുടെ സാംഗത്യം അവിടെയാണ് വരുന്നത്.

**ഇത്രയും വ്യാപ്തിയുള്ള ഒരു വിഷയം പഠിക്കാൻ എട്ട് മാസത്തെ കാലയളവ് സമിതിക്ക് പര്യാപ്തമായിരുന്നോ?**

അതിൽ കൂടുതൽ ആവശ്യമില്ലായിരുന്നു. കാരണം വിഷയത്തെ ഓരോ വിഭാഗമായി എടുത്ത് കണക്കുകൂട്ടുകയാണ് നമ്മൾ ചെയ്തത്. അല്ലാതെ ഓരോ വ്യക്തിയുടെയും കാര്യത്തിൽ ട്രിബ്യൂണൽ ചെയ്യേണ്ടുന്നത് പോലെ ഞങ്ങൾ കണക്കെടുപ്പ് നടത്തിയിട്ടില്ല. പ്ലാച്ചിമടയിൽ പ്രശ്നമുണ്ട് എന്ന് പറയുന്നതിനെ ന്യായീകരിക്കാനും അതിന്റെ തോത് കണക്കാക്കാനും ഉള്ള ഒരു ശാസ്ത്രീയ റിപ്പോർട്ട്. ഇല്ലെങ്കിൽ ട്രിബ്യൂണൽ തന്നെ അശാസ്ത്രീയമായ തരത്തിലാണ് ഉണ്ടാക്കിയതെന്ന് പറഞ്ഞ് തള്ളിപ്പോകുമല്ലോ. 216.26 കോടി രൂപ കൃത്യ

> ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം വേണമെന്ന് പറഞ്ഞപ്പോൾ എല്ലാവരും അത് അംഗീകരിച്ചുകൊടുത്തു. ആ കുഴിയിൽ കൂടിയാണ് സമരം താഴോട്ട് പോയത്. നാല് വർഷം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ കിടന്ന ബില്ല് തിരിച്ചയച്ചിരിക്കുന്നത് ദേശീയ ഹരിത ട്രിബ്യൂണലിന്റെ പേരിലാണ്. ഇതൊരു അവഹേളനമായി കണ്ടുകൊണ്ട് കേരള സർക്കാർ നിയമസഭയിൽ ഇതു വീണ്ടും അവതരിപ്പിക്കണം എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

മായി കൊടുക്കാനല്ല പറയുന്നത്, അതിൽ മാറ്റങ്ങൾ ഉണ്ടാകും. വിഷയം എത്രമാത്രം ഭീകരമാണ് എന്ന് അറിയിക്കാനുള്ള ഒരു കണക്കെടുപ്പ് മാത്രമായിരുന്നു ഇത്. അതിന് ഈ സമയം ധാരാളം മതിയായിരുന്നു. ഇതിൽ കൂടുതൽ ചെയ്താൽ നീണ്ടു പോകും. എട്ട് മാസം തന്നെ കൂടിപ്പോയി എന്നാണ് എന്റെ അഭിപ്രായം.

**എട്ട് മാസത്തോളം പ്രവർത്തിച്ച കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആശ്രയിച്ച രേഖകൾ എന്തൊക്കെയായിരുന്നു?**

സമിതിയിൽ ശാസ്ത്രജ്ഞരും അനലിസ്റ്റുകളും ഉണ്ടായിരുന്നു. സുപ്രീംകോടതി മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ടും ആരോഗ്യവകുപ്പും പി.സി.ബിയും മറ്റ് വകുപ്പുകളും നടത്തിയ പഠനങ്ങളും പരിശോധിച്ചിരുന്നു. ചില ഒറ്റപ്പെട്ട പഠനങ്ങൾ നാട്ടുകാർ കൊണ്ടുവന്ന് തന്നിട്ടുണ്ട്. ഒരുപാട് രേഖകൾ ഞങ്ങൾ പഠന വിഷയമാക്കിയിട്ടുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ഞങ്ങൾ തീരുമാനത്തിൽ എത്തിയത്. കമ്പനി ചെയ്ത ഏറ്റവും വലിയ ദ്രോഹം കൊക്കോകോള ഉണ്ടാക്കാൻ വേണ്ടി വെള്ളം വലിച്ചെടുത്തതല്ല, മറിച്ച് ഖരമാലിന്യം വിതരണം ചെയ്തതാണ്. കമ്പനി അധികൃതർക്ക് ഇതെവിടെ കളയണമെന്ന് അറിയില്ല. പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഭൂമിയിൽ നിറച്ച് കഴിഞ്ഞപ്പോൾ കർഷകരെ വിളിച്ച് ഖരമാലിന്യം ജൈവവളമാണെന്ന് പറഞ്ഞ് വിതരണം ചെയ്തു. ലാഭക്കൊതി കാരണം മനുഷ്യർക്ക് അന്ധത വരുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണത്. കാശ് ലാഭിക്കുന്നതിനായാണ് കമ്പനി ഇങ്ങനെ ചെയ്തത്. മാലിന്യം വളമായി ഉപയോഗിച്ച കർഷകരുടെ തെങ്ങും കവുങ്ങും നശിച്ചുപോയി. അവരുടെ ഭൂമിയിലെ മണ്ണും വെള്ളവും എന്നെന്നേക്കുമായി നാശമായി. രാസമാലിന്യമാണ് ആളുകൾക്ക് അസുഖങ്ങൾ ഉണ്ടാക്കിയത്. വെള്ളം ഉപയോഗിക്കുന്ന കാര്യത്തിൽ കമ്പനിക്ക് അത് നേരത്തെ അറിയിച്ചതാണ് എന്നു പറഞ്ഞ് രക്ഷപ്പെടാമായിരുന്നു. എന്നാൽ പ്ലാന്റിൽ നിന്നുള്ള രാസമാലിന്യത്തിൽ വിഷാംശമുണ്ടെന്ന കാര്യം വെളിപ്പെടുത്താതെ ആളുകളെ പറ്റിച്ച, ഒരൊറ്റകാര്യത്തിന് തന്നെ അവർ നിയമപരമായി കുറ്റക്കാരാണ്.

**നിലവിലെ നിയമം വെച്ച് തന്നെ കമ്പനിയെ ശിക്ഷിക്കാവുന്നതാണെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. വിവിധ വകുപ്പുകളുടെ കാര്യക്ഷമത ഇല്ലായ്മയാണ് ഇത് നടക്കാതിരുന്നതിന് കാരണമെന്നും പറയുന്നു. എന്നാൽ ഉന്നതാധികാര സമിതിയിൽ പി.സി.ബിയിലെയും ഭൂഗർഭജലവകുപ്പിലെയും പ്രതിനിധികൾ അംഗങ്ങളാണ്. സമിതി വരുന്നതിന് മുമ്പ് തന്നെ വിഷയത്തിൽ നടപടികൾ എടുക്കാൻ ബാധ്യതപ്പെട്ടവരാണ് അവർ. സമിതിയുടെ ചെയർമാൻ എന്ന രീതിയിൽ നോക്കുമ്പോൾ അതിൽ പൊരുത്തക്കേട് തോന്നിയിട്ടില്ലേ?**

അതെ, അവർ കുറ്റക്കാരാണ്. ഉദ്യോഗസ്ഥരുമായുള്ള വ്യക്തിപരമായ ബന്ധത്തെക്കുറിച്ചുള്ള ചിന്ത എനിക്കില്ല. ഈ നിയമവ്യവസ്ഥകൾ എല്ലാം പൂർണ്ണമായി പാലിച്ചിരുന്നുവെങ്കിൽ ഈ ഒരു ദുരന്തം ഒഴിവാക്കാൻ കഴിയുമായിരുന്നു. അത് പറയാതിരിക്കുന്നത് മനസാക്ഷിക്ക് വിരുദ്ധമായി തോന്നി. അത് പി.സി.ബിക്ക് കൊള്ളുമെങ്കിൽ കൊള്ളട്ടെ. അത് പറഞ്ഞിട്ട് കാര്യമില്ല. ഈ സമിതിക്ക് അകത്ത് പലരും തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. ചിലർ എന്റെ റിപ്പോർട്ടിൽ അതൃപ്തരായിരുന്നു. കാരണം, പലരേയും അത് കുറ്റപ്പെടുത്തുന്നുണ്ട്. കുറ്റപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. അംഗങ്ങളെ അനുകൂലിക്കാൻ വേണ്ടിയുള്ളതല്ല എന്നതാണ് ആ റിപ്പോർട്ടിന്റെ സാംഗത്യം. അത് വളരെ സത്യസന്ധമായ ഒരു റിപ്പോർട്ടാണ്. ഒരു പരിധി വരെ അത് എന്റെ റിപ്പോർട്ടാണ്. സാധാരണ ഒരു സർക്കാർ റിപ്പോർട്ട് അങ്ങനെ പറയില്ല.

**2007ൽ കമ്പനി കുറ്റക്കാരാണെന്ന് കണ്ടെത്തി പി.സി.ബി നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ശേഷം വിഷയത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വിവരാവകാശ നിയമപ്രകാരം സമരപ്രവർത്തകർ അന്വേഷിച്ചിരുന്നു. കമ്പനിക്കെതിരെ സമാന പരാതിയിൽ മറ്റൊരു കേസ് നിലവിലുള്ളതിനാൽ നടപടിയെടുക്കാൻ കഴിഞ്ഞില്ല എന്നാണ് പി.സി.ബിയിൽ നിന്ന് മറുപടി ലഭിച്ചത്. എന്നാൽ ആ കേസ് തള്ളപ്പട്ട ശേഷം തുടർനടപടികളെക്കുറിച്ച് ആവശ്യപ്പെട്ടപ്പോൾ ഉന്നതാധികാര സമിതിയിൽ പി.സി.ബി ചെയർമാൻ അംഗമായിരുന്നതിനാൽ പി.സി.ബി മാത്രമായി തുടർനടപടികൾ ഒന്നും എടുത്തില്ലെന്നും മറുപടി തന്നു. ഇത് ഉത്തരവാദിത്തതിൽ നിന്നും ഒഴിഞ്ഞുമാറുന്ന സമീപനമല്ലേ?**

2004ൽ പൂട്ടിപ്പോയ കമ്പനിക്ക് 2007ലാണ് നോട്ടീസ് കൊടുക്കുന്നത് എന്ന് ആലോചിക്കണം. നഷ്ടങ്ങൾ വരുത്തിയ കമ്പനിയെ നാട്ടുകാർ നേരത്തെ പൂട്ടിച്ചുവിട്ടു. പിന്നെ 2007ൽ ചത്ത പിള്ളയുടെ ജാതകം നോക്കിയിട്ട് എന്താ കാര്യം? 2004 വരെ നടന്ന കൊള്ളരുതായ്മകൾക്ക് ഒരുപാട് ഏജൻസികളുടെ മൗനാനു

വാദം ഉണ്ടായിരുന്നുവെന്ന് തന്നെയാണ് നമ്മൾ അനുമാനിക്കേണ്ടത്. പ്രത്യക്ഷത്തിൽ അല്ലെങ്കിലും വ്യക്തമായി തന്നെ സമിതി അത് പറഞ്ഞിട്ടുണ്ട്. സർക്കാർ ഏജൻസികൾ കാര്യപ്രാപ്തിയോടെ പ്രവർത്തിച്ചിരുന്നെങ്കിൽ ഈ ദുരന്തം നടക്കുമായിരുന്നില്ല എന്ന് ഞാനിപ്പോഴും പറയുന്നു.

**പരിഹാരമായി റിപ്പോർട്ടിൽ രണ്ട് സാധ്യതകൾ ആണല്ലോ നിർദേശിച്ചത്. ഒന്നുകിൽ ട്രിബ്യൂണൽ അല്ലെങ്കിൽ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള അതോറിറ്റി. ഇപ്പോഴത്തെ ചർച്ച പോകുന്നത് നിയമത്തിന്റെ റിപഗ്നൻസി സംബന്ധിച്ചാണ് (കേന്ദ്ര നിയമവും സംസ്ഥാന നിയമവും തമ്മിലുള്ള അതിരിടലുകൾ). റിപഗ്നൻസി ഉണ്ടാകാനുള്ള സാധ്യത സംബന്ധിച്ച് അന്ന് ചർച്ച നടന്നിരുന്നോ? അതുകൊണ്ടായിരുന്നോ രണ്ട് നിർദേശങ്ങൾ വെച്ചത്?**

എന്തെങ്കിലും കാരണവശാൽ ട്രിബ്യൂണൽ രൂപീകരണം നടക്കാതെ പോയാൽ നിയമപരമായി അവർ പ്രതിരോധിക്കും എന്നത് കൊണ്ടാണ് രണ്ടാമത് സാധ്യത കൂടി ഉൾപ്പെടുത്തിയത്. അത് സർക്കാരിന്റെ തീരുമാനത്തിന് വിടുകയായിരുന്നു. ഏത് കാര്യത്തിലായാലും പക്ഷേ നടപടികളൊന്നും ഉണ്ടായില്ല. ഞാൻ വിരമിച്ചിട്ട് തന്നെ അഞ്ച് വർഷമായി.


**ബില്ല് പറയുന്നത് പ്രകാരം ഒരു ക്ലെയിംസ് ട്രിബ്യൂണൽ രൂപീകരിച്ച് ആളുകളിൽ നിന്ന് നേരിട്ട് പരാതി സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. ഇതിനകത്ത് തെളിവ് ഹാജരാക്കാനുള്ള ബാധ്യത ആളുകളുടെ മേൽ തന്നെയല്ലേ വരുന്നത്? ആരോഗ്യരംഗത്ത് ഇത്ര നഷ്ടമുണ്ടായി എന്ന് പറയുന്നു. പക്ഷേ അത് തെളിയിക്കാൻ സർക്കാർ സർവ്വേ നടത്തിയിട്ടില്ല. ജലവിഭവത്തിന്റെ കാര്യത്തിലാണെങ്കിലും അങ്ങനെയാണ്?**

ഓരോ ദിവസം കഴിയുന്തോറും ഇത്തരം സർവ്വെകളെല്ലാം അവിടെ അസാധ്യമായിക്കൊണ്ടിരിക്കുകയാണ്. കാരണം കാര്യങ്ങൾ മാറിക്കൊണ്ടേയിരിക്കുന്നു. ആളുകൾക്ക് തെളിയിക്കുക എന്നല്ലാതെ വേറെ വഴിയില്ല. കാരണം സർവ്വേ വേണമെന്നു പറഞ്ഞാൽ ആളുകളുടെ കേസ് ദുർബലമായിപ്പോകാൻ സാധ്യതയുണ്ട്. ഔദ്യോഗികമായി സർവ്വേ നടത്തി പ്രദേശത്തെ ആരോഗ്യ സ്ഥിതി അവതരിപ്പിക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നുവെങ്കിൽ, ഈ വ്യക്തികളുടെ ക്ലെയിം ഇല്ലാതാക്കാൻ ആ സർവ്വെ ദുർബലമാക്കിയാൽ മതി. അതേസമയം ഒരു വ്യക്തിക്ക് അസുഖം വന്നതിന്റെ ആശുപത്രി രേഖകളും മറ്റും ട്രിബ്യൂണലിനെ ബോധ്യപ്പെടുത്താൻ കഴിയും. മൂന്നാമതൊരു ഏജൻസിക്ക് ഈ വിവരങ്ങൾ കൈമാറുന്നതിനെക്കാൾ നല്ലതാണ് അത്. കാരണം വ്യക്തികൾക്കാണല്ലോ ദുരന്തം സംഭവിച്ചത്. ഓരോരുത്തരുടെയും മണ്ണാണ് നശിച്ചുപോയത്. അത് അവർക്ക് തെളിയിക്കാൻ സാധിക്കും. അതിന് ഇനി വേറെ ഒരാളെ ആശ്രയിക്കുന്നതിൽ സമിതിക്ക് ഭയം ഉണ്ടായിരുന്നു. പിന്നെയും ഒരു അഞ്ച് വർഷം സർവ്വേക്ക് പോകും. അതൊന്നും വേണ്ട. ട്രിബ്യൂണൽ സിറ്റിംഗ് നടത്തുക, ബാധിതപ്രദേശങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടുക, വിധിക്കുക. കുടുംബത്തിന്റെ വരുമാനത്തിലുള്ള നഷ്ടവും നോക്കണം. വർഷത്തിൽ ഒരു ലക്ഷം രൂപ മാത്രം വരുമാനം ഉള്ള ഒരാൾക്ക് ഒരു കോടി രൂപ നഷ്ടപരിഹാരം കൊടുക്കേണ്ട ആവശ്യമില്ല. ട്രിബ്യൂണലിന് തീർച്ചയായും സ്വന്തമായ പ്രവർത്തനരീതി രൂപീകരിക്കേണ്ടതായി വരും. അതിലേക്ക് നമ്മൾ കടന്നിട്ടില്ല. നമ്മൾ പ്രശ്നത്തിന്റെ തോത് കണക്കാക്കുക മാത്രമാണ് ചെയ്തത്. പ്രശ്നത്തിന്റെ മാനങ്ങൾ വിവരിച്ചു. അതേ കമ്മിറ്റി ചെയ്യേണ്ടതുള്ളൂ.

**പ്ലാച്ചിമടയുടെ പാരിസ്ഥിതിക പുനഃസ്ഥാപനം എത്തരത്തിൽ വേണം എന്നതിനെക്കുറിച്ച് ഉന്നതാധികാര സമിതി വിലയിരുത്തിയിരുന്നോ?**

റിപ്പോർട്ടിനകത്ത് ഇതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. കാരണം നഷ്ടം കണക്കാക്കാതെയും അതിന്റെ മേലെ നടപടി എടുക്കാതെയും പാരിസ്ഥിതികമായ പുനഃസ്ഥാപനത്തിലേക്ക് പോയാൽ അത് ഏറെക്കുറെ തെളിവ് നശിപ്പിക്കുന്നതിന് തുല്യമായിരിക്കും. ഞാനതിനെപ്പറ്റി അന്ന് ആലോചിച്ചിട്ടുണ്ട്. പരിസ്ഥി

ഈ നിയമവ്യവസ്ഥകൾ എല്ലാം പൂർണ്ണമായി പാലിച്ചിരുന്നുവെങ്കിൽ ഈ ഒരു ദുരന്തം ഒഴിവാക്കാൻ കഴിയുമായിരുന്നു. അത് പറയാതിരിക്കുന്നത് മനസാക്ഷിക്ക് വിരുദ്ധമായി തോന്നി. അത് പി.സി. ബിക്ക് കൊള്ളുമെങ്കിൽ കൊള്ളട്ടെ. അത് പറഞ്ഞിട്ട് കാര്യമില്ല. ഈ സമിതിക്ക് അകത്ത് പലരും തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. ചിലർ എന്റെ റിപ്പോർട്ടിൽ അതൃപ്തരായിരുന്നു. കാരണം, പലരേയും അത് കുറ്റപ്പെടുത്തുന്നുണ്ട്.



തിയെയും ജലാസ്രോതസ്സുകളെയും പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരികയും വിഷാംശം ഇല്ലാതാക്കുകയും വേണം. പക്ഷേ അങ്ങനെ ചെയ്യുന്നത് കമ്പനിക്ക് അനുകൂലമായി തെളിവ് നശിപ്പിക്കുകയാണെന്ന് വ്യാഖ്യാനിക്കപ്പെടും. ട്രിബ്യൂണൽ വന്നുകഴിഞ്ഞ് നഷ്ടങ്ങൾ കണക്കാക്കിക്കഴിഞ്ഞാൽ പ്ലാച്ചിമടയെ പുനരുജ്ജീവിപ്പിക്കുന്ന ഒരു പ്രവർത്തനപദ്ധതിയിലേക്ക് തീർച്ചയായും നമ്മൾ കടക്കേണ്ടതുണ്ട്.

**വ്യവസായ വകുപ്പ് മന്ത്രി എളമരം കരീം, സെക്രട്ടറി ടി. ബാലകൃഷ്ണൻ എന്നിവർ മന്ത്രിസഭയിൽ ഉന്നതാധികാര സമിതി റിപ്പോർട്ടിനെ എതിർത്ത് നോട്ടീസ് കൊടുക്കുകയും പൊതുപരിപാടികളിൽ ഇതിനെ എതിർത്ത് സംസാരിക്കുകയും ചെയ്തിരുന്നു. സർക്കാരിന്റെ വകുപ്പുകൾ തമ്മിലുള്ള സമന്വയത്തിന്റെ പ്രശ്നത്തിൽ എന്താണ് തോന്നിയിട്ടുള്ളത്?**

വ്യവസായ വകുപ്പിന് തുടക്കം മുതൽ കമ്പനിയെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ ഒരു സമീപനത്തോട് എതിർപ്പുണ്ടായിരുന്നു. ജനങ്ങൾ പ്രക്ഷോഭം നടത്തി എന്ന കാരണത്താൽ നഷ്ടപരിഹാരം വാങ്ങിച്ചുകൊടുക്കണം എന്ന് പറയുന്ന സർക്കാരാണ് കേരളത്തിലേതെന്നത് വ്യവസായ അന്തരീക്ഷത്തെ ബാധിക്കും എന്ന നിലപാട് വകുപ്പ് പരസ്യമായി കൈക്കൊണ്ടിരുന്നു. അത് അവരുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ ഒരു പരിധി വരെ ശരിയാണ്. കാരണം കൊക്കക്കോള പോലൊരു വലിയ കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം വാങ്ങി പറഞ്ഞയച്ചാൽ കേരളത്തിലേക്ക് ഇനി ആരും പോകേണ്ടെന്ന് അവർ പ്രചരിപ്പിക്കാൻ സാധ്യതയുണ്ട്. പക്ഷേ വിശാലമായ പൊതുജനതാല്പര്യം പരിഗണിക്കുമ്പോൾ റിപ്പോർട്ട് പൂഴ്ത്താൻ സാധ്യമല്ല. മന്ത്രിസഭ വളരെ കൃത്യമായ ഒരു തീരുമാനമാണ് എടുത്തത്. വ്യവസായ വകുപ്പിന്റെ ഉത്കണ്ഠ നിലനിൽക്കേ പൊതുജനതാല്പര്യത്തെ മുൻനിർത്തി തീരുമാനമെടുത്തു. ട്രിബ്യൂണൽ ബിൽ ഉണ്ടാക്കി മന്ത്രിസഭ അംഗീകരിച്ചു. വ്യവസായ വകുപ്പിന് എതിർപ്പ് ഉണ്ടെങ്കിൽ പോലും ബില്ല് നിയമസഭ ഏകകണ്ഠമായി പാസാക്കിയത് കേരള നിയമസഭയുടെ വലിയൊരു നേട്ടവും സംവേദനക്ഷമത കാരണവുമാണ്.

അതിന് ശേഷം, അപകടകാരിയല്ലെന്ന് തോന്നുന്നതരത്തിൽ കലിബാധ പോലെ ഒരു ഉപദേശം വരികയാണ്. ലളിതയുടെ വേഷം കെട്ടിവന്ന പൂതനയെ പോലെ ഒരു ഉപദേശം. ഇന്നയിന്ന കാരണങ്ങൾ ഉള്ളതുകൊണ്ട് കേന്ദ്രസർക്കാരിന്റെ അനുവാദവും പ്രസിഡന്റിന്റെ അംഗീകാരവും ബില്ലിന് ആവശ്യമാണെന്ന് പറയുന്നു. സർക്കാർ അത് അംഗീകരിക്കുകയും ബില്ല് പാസാക്കിയെങ്കിലും കേന്ദ്രത്തിലേക്ക് അയക്കുകയും ചെയ്തു. ആ സമയത്ത് ഉന്നതാധികാര സമിതി ചെയർമാൻ എന്ന രീതിയിൽ പോലും ആരും എന്നെ വിവരങ്ങൾ അറിയിച്ചിട്ടില്ല. പത്രത്തിൽ നിന്നാണ് ഇക്കാര്യം അറിഞ്ഞത്. ഉപദേശത്തിന്റെ സോഴ്സ് ഞാൻ അന്വേഷിച്ചില്ല. വേറെ ഏതെങ്കിലും സ്വാധീനത്തിന്റെ ഫലമായാണോ അതോ നിയമപരമായി ചെയ്തതാണോ എന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ അത് ഊഹിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ബില്ല് കേന്ദ്രത്തിലേക്ക് പോയി എന്ന് അറിഞ്ഞപ്പോൾ തന്നെ ഇതോടുകൂടി അതിന്റെ കഥ കഴിഞ്ഞുവെന്ന് എനിക്ക് മനസ്സിലായിരുന്നു. ബില്ല് കേന്ദ്രത്തിലേക്ക് പോകേണ്ടിയിരുന്നില്ല. പോകേണ്ടാത്ത രൂപത്തിലേക്ക് അതിനെ മാറ്റണമായിരുന്നു. അത് ഇനിയും ചെയ്യാം. ഒരു ഫെഡറൽ റിപ്പബ്ലിക്കിൽ സംസ്ഥാനത്തിനുള്ള അധികാരത്തിന് അകത്ത് നിന്ന് ഇക്കാര്യം ചെയ്യാൻ കഴിയും. ട്രിബ്യൂണൽ നിലവിൽ വരട്ടെ. അപ്പോൾ അവരതിന് എതിരെ സുപ്രീം കോടതി വരെ പോകുമല്ലോ. ആ കടമ്പകളൊക്കെ കടക്കേണ്ടേ? ആദ്യത്തെ കടമ്പയിൽ തന്നെ ഇത്രയധികം താമസിപ്പിക്കുക എന്നതാണ് കഷ്ടമായിപ്പോയത്. ആ നിയമോപദേശം തെറ്റെന്ന് പറയുന്നില്ല, അത് ഒഴിവാക്കണമായിരുന്നു. കേന്ദ്രത്തിൽ പോകാൻ പാടില്ലായിരുന്നു. സംസ്ഥാന സർക്കാരിന്റെ അധികാരം കണക്കിലെടുത്ത് കേന്ദ്രസർക്കാർ അപ്പോൾ

തന്നെ അംഗീകാരം തന്നാലും മതിയായിരുന്നു.

**ട്രിബ്യൂണൽ യാഥാർത്ഥ്യമായാൽ തന്നെ എന്തായിരിക്കും സംഭവിക്കുന്നത്? സുപ്രീം കോടതിയിൽ നിലനിന്നിരുന്ന കേസ് പോലും തന്ത്രപരമായി അവസാനിപ്പിച്ച കൊക്കക്കോള ട്രിബ്യൂണലിനെയും മറികടക്കാൻ സാധ്യതയില്ലേ? പല സർക്കാരുകൾക്കുമൊപ്പം ഒരുപാട് കാലം പ്രവർത്തിച്ചയാൾ എന്ന നിലയിൽ കോർപ്പറേറ്റുകൾ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് താങ്കൾക്ക് ഒരു വിലയിരുത്തലുണ്ടാകുമല്ലോ?**

580 കുടുംബങ്ങൾ പ്രശ്നബാധിതരായി ഉണ്ടെന്ന് കണക്കാക്കിയാൽ അവർക്ക് ഓരോരുത്തർക്കും വലിയ ഷീറ്റ് ഉണ്ടാക്കി, ഓരോ കാറ്റഗറിയിലും എത്രയെന്ന് ആദർശാത്മകമായി തന്നെ ട്രിബ്യൂണൽ നിശ്ചയിച്ചാലും 300 കോടി രൂപ കമ്പനിയിൽ നിന്ന് എങ്ങനെ വാങ്ങിക്കും? കമ്പനിക്ക് നോട്ടീസ് അയച്ചാൽ കൊക്കക്കോള അത് കൈപറ്റില്ല. എന്നാൽ ഇന്ത്യയിൽ കമ്പനിക്ക് പ്രവർത്തിക്കാനുള്ള അനുമതി നിഷേധിക്കാൻ കേന്ദ്ര സർക്കാരിനെ സ്വാധീനിക്കാനും നമ്മുക്ക് കഴിയില്ല. കൊക്കക്കോളക്ക് കേരളത്തിൽ വേറെ എവിടെയെങ്കിലും സ്വത്ത് ഉണ്ടെങ്കിൽ അത് കണ്ടുകെട്ടാൻ സർക്കാരിന് കഴിയുമോ എന്നത് ആലോചിക്കേണ്ട വിഷയമാണ്. ഇതൊന്നുമല്ലാതെ കമ്പനിയുമായി ചർച്ച നടത്തി പരിഹാരം കാണാൻ ശ്രമിക്കാവുന്നതുമാണ്. കമ്പനി കാരണം കുഴപ്പമുണ്ടായെങ്കിൽ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായെങ്കിലും നഷ്ടപരിഹാരം നൽകാമെന്ന് അവർ പറയുന്നില്ലല്ലോ. ഒന്നും സംഭവിച്ചിട്ടില്ല എന്നാണ് അവർ പറയുന്നത്. അങ്ങനെ പറയുന്ന കമ്പനിയെ സത്യം പറയാൻ ബാധ്യസ്ഥപ്പെടുത്തുന്നതിന് വലിയ രാഷ്ട്രീയ ഇച്ഛാശക്തി ആവശ്യമാണ്.

ഇത് കൊക്കക്കോളയുടെ മാത്രം കാര്യമല്ല. കോർപ്പറേറ്റുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഭരണകൂടത്തിനും ബ്യൂറോക്രസിക്കും രാഷ്ട്രീയ നേതൃത്വത്തിനും പുതിയ കാഴ്ചപ്പാടും ജാഗ്രതയും ഇല്ലായെങ്കിൽ നമ്മുടെ പൊതുസ്വത്തുക്കൾ നഷ്ടപ്പെട്ടുപോകും. ഞാൻ ആഗോളീകരണത്തിന് എതിരല്ല. അതിൽ ഭരണകൂടത്തിന് മതിയായ നിയന്ത്രണ സംവിധാനങ്ങൾ ഉണ്ടായിരിക്കണം. നിയന്ത്രണ സംവിധാനങ്ങൾ കൃത്യമാണെങ്കിൽ സ്വകാര്യ മൂലധനം ഉപയോഗിച്ച് കാര്യങ്ങൾ നടത്താം. സെബി, ആർ.ബി.ഐ പോലെ നല്ല നിയന്ത്രണ സംവിധാനങ്ങൾ ഉള്ള സ്ഥാപനങ്ങൾ വളരെ അപൂർവമാണ്. സംസ്ഥാന സർക്കാറിന്റെ പി.സി.ബിയും ജിയോളജി വകുപ്പും ഈ പ്രൊഫഷണൽ ജാഗ്രതയിലേക്ക് വന്നിട്ടില്ല. സ്വകാര്യമേഖലയുമായുള്ള ഇന്റർഫെയ്സ് വരുമ്പോൾ അവലംബിക്കേണ്ട ജാഗ്രത, റെഗുലേറ്ററി മെക്കാനിസത്തിന്റെ ഊർജ്ജം ഇതൊക്കെ മാറ്റേണ്ട സമയമായി. ഇവിടെ ഇപ്പോഴും ബ്യൂറോക്രസി പഴയ തരത്തിൽ പ്രവർത്തിക്കുന്നു. സർക്കാർ തന്നെ എല്ലാം ചെയ്തുകൊണ്ടിരുന്ന സമയത്തുള്ള ലാഘവ ബുദ്ധിയോടുകൂടിയാണ് അവർ എല്ലാം കാണുന്നത്.

നിങ്ങൾ ബന്ധപ്പെടുന്നത് ബുദ്ധിരാക്ഷസന്മാരുമായാണ്. സർക്കാർ സംവിധാനങ്ങൾ അതിനുവേണ്ട വിധത്തിൽ ഇതുവരെ വളർന്നിട്ടില്ല. ജാഗ്രത വന്നിട്ടില്ല. ശതകോടികൾ സ്വന്തമായുള്ളവരോടാണ് ഏറ്റുമുട്ടാൻ പോകുന്നത്. അവർ വലിയ ബുദ്ധിശാലികളാണെന്ന് അംഗീകരിച്ചുകൊണ്ട് നമ്മുടെ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള സർക്കാർ നിയന്ത്രണ സംവിധാനങ്ങളെ നമ്മൾ ശക്തിപ്പെടുത്തണം. സ്വകാര്യ മുതൽമുടക്കിന് എതിരെ മുരട്ടുന്യായം പറഞ്ഞതുകൊണ്ട് കാര്യമില്ല. പൊതുജന താല്പര്യം സംരക്ഷിക്കാൻ കഴിവില്ലാത്തതുകൊണ്ട് സ്വകാര്യ മുതൽമുടക്കിന് എതിരെ എന്ന് പറയുന്നതിൽ അർത്ഥമില്ല. സർക്കാർ സോപ്പ് കമ്പനിയും മില്ലും തുടങ്ങേണ്ടിവരും. പഴയ രീതിയിൽ കാര്യങ്ങൾ ചെയ്യുകയും പുതിയ രീതിയിൽ ലോകത്തോട് പ്രതികരിക്കുകയും ചെയ്യുമ്പോൾ സർക്കാർ ഒരു പരിഹാസ കഥാപാത്രം ആവുകയാണ് ചെയ്യുന്നത്. നിലവിൽ ഇത്രയും വ്യവസായങ്ങളെ കൈകാര്യം ചെയ്യാൻ പി.സി.ബിക്ക് സാധിക്കുമോ. ഫാക്ടറീസ് ആന്റെ ബോയ്‌ലേഴ്സ് ആക്ടിനെക്കൊണ്ട് സാധിക്കുമോ? അവരെക്കൊണ്ട് സാധിക്കുക പൈസ വാങ്ങിച്ച് കീശയിൽ ഇടുക എന്നതാണ്. അവരൊന്നും സാങ്കേതികപരമായി ജാഗ്രത ഉള്ളവരല്ല. സമൂഹത്തെ സംരക്ഷിക്കണമെന്ന ഉത്തരവാദിത്ത ബോധം ഈ വകുപ്പുകൾക്കില്ല. ■

## പശ്ചിമഘട്ട രക്ഷായാത്ര സമാപിച്ചു

കേരളത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനമായ പശ്ചിമഘട്ടം സംരക്ഷിക്കുക എന്ന മുദ്രാവാക്യം ഉയർത്തി പരിസ്ഥിതി–സാമൂഹിക പ്രവർത്തകരുടെ മുൻകൈയിൽ നടന്ന യാത്ര സമാപിച്ചു. 2017 ആഗസ്റ്റ് 17ന് കാസർഗോഡ് വെള്ളരിക്കുണ്ടിൽ നിന്നും ആരംഭിച്ച യാത്ര ഒക്ടോബർ 17ന് വിഴിഞ്ഞത്ത് സമാപിച്ചു.